**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2396** **27-10-2026-ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്ററിങ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സ്മാർട്ട് മീറ്ററിങ് നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, ആകെ എത്ര സർക്കാർ ഓഫീസുകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്; വ്യക്തമാക്കുമോ;

**മറുപടി:** സ്വീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ട സ്മാർട്ട് മീറ്റർ പദ്ധതിയിൽ ഇതുവരെ കേന്ദ്ര, സംസ്ഥാന സർക്കാർ ഓഫീസുകൾ ഉൾപ്പെടുന്ന 1,74,452 ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിച്ചു.

**(ബി)** ഇതിൽ നിലവിൽ എത്ര സംസ്ഥാന സർക്കാർ ഓഫീസുകളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞുവെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

**മറുപടി:** ഇതുവരെ സംസ്ഥാന സർക്കാർ സ്ഥാപനം/ ഉപഭോക്താക്കൾ എന്ന പട്ടികയുലുള്ള 1,49,984 സർക്കാർ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിച്ചു.

ജില്ല തിരിച്ച് ഉള്ള വിവരം ചുവടെ ചേർക്കുന്നു.

| **ജില്ല** | **എണ്ണം** |
|---|---|
| തിരുവനന്തപുരം | 16879 |
| കൊല്ലം | 9686 |
| പത്തനംതിട്ട | 7710 |
| ആലപ്പുഴ | 7895 |
| കോട്ടയം | 9657 |
| ഇടുക്കി | 4064 |
| എറണാകുളം | 11620 |
| തൃശ്ശൂർ | 19475 |
| മലപ്പുറം | 14377 |
| പാലക്കാട് | 15376 |
| കോഴിക്കോട് | 10451 |
| കണ്ണൂർ | 11702 |
| വയനാട് | 3761 |
| കാസർകോട് | 7331 |
| **ആകെ** | **149984** |

**(സി)** ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഓഫീസുകളെയോ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയോ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ, അത്തരം എത്ര സ്ഥാപനങ്ങളാണ് പദ്ധതിയുടെ പരിധിയിൽ വരുന്നത്; വിശദാംശം നൽകാമോ?

**മറുപടി:** ഈ പദ്ധതിയിൽ 8563 കേന്ദ്ര സർക്കാർ ഓഫീസുകളും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

(പൂർണ്ണമായി സർക്കാർ സ്ഥാപനങ്ങൾ എന്ന് സ്ഥിരീകരിച്ച 7960 ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിച്ചിട്ടുണ്ട് ).

**സെക്ഷൻ ഓഫീസർ**